(ബി) എങ്കിൽ എന്താണെന്ന് വിശദീകരിക്കുമോ;

(സി) ഇതിനുവേണ്ടി സംസ്ഥാന ബഡ്ജറ്റിൽ എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള 2 മെഗാ വാട്ടിന്റെ ഒരു പദ്ധതി കഞ്ചിക്കോട്ട് നിലവിലുണ്ട്. അനെർട്ടിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ സാങ്കേതിക സഹായത്തോടെ കാറ്റിൽ നിന്ന് ഏതാണ്ട് ആറോളം പ്രദേശങ്ങളിലായി 200 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള സാധ്യത കണ്ടെത്തിയിട്ടുണ്ട്. കൂടാതെ രണ്ട് മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു കാറ്റാടിപ്പാടം രാമക്കൽമേടിനടുത്തുള്ള കുരുവിക്കാനത്ത് സ്ഥാപിക്കാനായി പദ്ധതി തയ്യാറാക്കി അനെർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനും പുറമെ സൗരോർജ്ജത്തിൽ നിന്ന്, വൈദ്യുതി ശൃംഖലയുമായി ബന്ധിക്കപ്പെട്ട 25 കിലോവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുതിനിലയം തിരുവനന്തപുരത്ത് കെ.എസ്.ഇ.ബി ആസ്ഥാനമായ വൈദ്യുതി ഭവനത്തിന്റെ പത്താം നിലയുടെ മുകളിലെ ടെറസ്സിലും വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമായി പ്രവർത്തിപ്പിക്കുന്ന 2 കിലോവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുതി നിലയം പത്തനംതിട്ട ജില്ലയിൽ കൊക്കത്തോട്ടിലെ നീരാമക്കുളം എന്ന സ്ഥലത്തും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) സൗരോർജ്ജ താപപരിപാടികൾ, കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പരിപാടികൾ, ഗവേഷണവും വികസനവും, ജൈവ ഊർജ്ജ പരിപാടികൾ മുതലായവയ്ക്കായി മൊത്തം 700 ലക്ഷം രൂപ 1999-2000-ൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

91 (3274) മിനി ഹൈഡൽ പദ്ധതികൾ

ശ്രീ. എ.കെ. മണി:
ശ്രീ. വി.ജെ. പൗലോസ്:
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മിനി ഹൈഡൽ പദ്ധതികൾ ആരംഭിക്കാനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) ഈ പദ്ധതികൾ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുവാനാണോ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടത്താനാണോ ഉദ്ദേശിച്ചിരുന്നത്;

(സി) ഈ പദ്ധതികളിൽ ഏതെല്ലാം കമ്മീഷൻ ചെയ്തു;

(ഡി) ഈ പദ്ധതിയുടെ പണി ഏറ്റെടുത്ത് നടത്തുവാൻ സ്വകാര്യവ്യക്തികൾ മുന്നോട്ടു വന്നിട്ടുണ്ടോ; എങ്കിൽ ആരെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് ഏകദേശം 300-ഓളം ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 34 പദ്ധതികളുടെ

LIBRARY ARCHIVES Kerala Legislative Assembly

വിശദമായ പ്രോജക്ട് റിപ്പോർട്ടും 35 പദ്ധതികളുടെ വിശദമായ സർവ്വേയും 56 എണ്ണത്തിന്റെ പ്രാഥമിക സർവ്വേയും 41 പദ്ധതികളുടെ ഫീസിബിലിറ്റി സർവ്വേയും നടത്തിയിട്ടുണ്ട്. മറ്റ് പദ്ധതികൾ ഐഡന്റിഫൈ ചെയ്ത് തുടർ നടപടി നടന്നു വരുന്നു.

(ബി) കേരളത്തിൽ കണ്ടെത്തിയിട്ടുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ബോർഡ് നേരിട്ടും സ്വകാര്യ മേഖല മുഖാന്തിരവും നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(സി) കമ്മീഷൻ ചെയ്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

ബോർഡ് നേരിട്ട് ചെയ്ത പദ്ധതികൾ

1.	കല്ലട	–	15 മെഗാവാട്ട്
2.	പേപ്പാറ	–	3 മെഗാവാട്ട്
3.	മാട്ടുപെട്ടി	–	2 മെഗാവാട്ട്

സ്വകാര്യ ഏജൻസി വഴി (കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്)

4.	മണിയാർ	–	12 മെഗാവാട്ട്

(ഡി) ഉണ്ട്. സ്വകാര്യമേഖലയിൽ താഴെ പറയുന്ന പദ്ധതികളുടെ പണി നടന്നു വരുന്നു.

1.	ഉള്ളുങ്കൽ	–	ടെമ്പിൾ കെമിക്കൽസ് ആന്റ് ഹൈഡ്രോ പവർ ലിമിറ്റഡ്
2.	കാരിക്കയം		
3.	ഭൂതത്താൻകെട്ട്	–	സിൽക്കാൻ മെറ്റലർജിക് ലിമിറ്റഡ്
4.	കൂത്തുങ്കൽ	–	ഇൻഡ്സിൽ ഇലക്ട്രോ സ്മെറ്റൽഡ് ലിമിറ്റഡ്.

സ്വകാര്യമേഖലയിൽ പ്രാഥമിക കരാർ ഒപ്പു വച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു

1.	പുന്നപ്പുഴ	–	ഫോറസ്റ്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്
2.	കാന്തൻപാറ	–	പ്രൈമ അഗ്രോ പ്രോഡക്ട്സ് ലിമിറ്റഡ്
3.	തൂവൽ		
4.	കിഷുമം	–	കിംഗ്സ് ഇന്റർനാഷണൽ ലിമിറ്റഡ്

സ്വകാര്യമേഖല അപേക്ഷ നൽകിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു

ചെമ്പൻകുഴി, ദേവികുളം
ലേക്ക്, കുതിരച്ചാട്ടം
തൊമ്മൻകുത്ത്
തോണിയാർ
പാപ്പുംകായ് — പ്രീമിയം ഫെറോ അലോയ്ഡ് ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

തൊമ്മൻകുത്ത് കുതിരച്ചാട്ടം	കെ.ആർ. അലോയ്ഡ്
ചെമ്പൻകുഴി	സോളാരീസ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്
ദേവികുളം ലേക്ക്	ഉഷാ ഇൻഡ്യാ ലിമിറ്റഡ്
ചെമ്പാൻകുടി തോണിയാർ	ബിനാനി സിങ്ക് ലിമിറ്റഡ്
തോണിയാർ	കാർത്തിക പവർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ്
തൊമ്മൻകുത്ത് തോണിയാർ	മെറ്റ്-റോള സ്റ്റീൽസ് ലിമിറ്റഡ്
മുക്കുട്ടാത്തോട്	സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ്
ഉരുട്ടിപ്പുഴ	ഭഗവതി ഡിസൈൻ സ്പ്രൈവറ്റ് ലിമിറ്റഡ്

92 (3275) കേന്ദ്രവിഹിതമായി കിട്ടിയ വൈദ്യുതി

<u>ശ്രീ. കെ. മുഹമ്മദാലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 ഏപ്രിൽ 1 മുതൽ 1999 ജൂൺ 30 വരെ ഓരോ മാസവും കേന്ദ്രവിഹിതമായി കിട്ടിയ വൈദ്യുതി എത്ര യൂണിറ്റാണ്;

(ബി) ഈ ഓരോ മാസവും അനുവദിച്ചിരുന്ന വിഹിതം എത്ര യൂണിറ്റാണ്;

(സി) ഈ കാലയളവിൽ അനുവദിച്ചതിനേക്കാൾ കൂടുതലോ അനുവദിച്ചതിനേക്കാൾ കുറച്ചോ വൈദ്യുതി എടുത്തിട്ടുണ്ടോ;

(ഡി) എത്ര യൂണിറ്റ് വൈദ്യുതി കൂടുതലായോ കുറഞ്ഞ തോതിലോ എടുത്തു;

(ഇ) ഈ കാലയളവിൽ വാങ്ങിയ വൈദ്യുതിക്ക് മൊത്തം കൊടുക്കേണ്ട വില എത്രയാണ്; കൊടുത്ത വില എത്ര; ശരാശരി ഒരു യൂണിറ്റിന്റെ വിലയെത്രയാണ്?

<u>ഉത്തരം</u>

(എ)&(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly